**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5289** **21-07-2022 - ൽ മറുപടിയ്ക്ക്**

**നൈപുണ്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ട തൊഴിൽ മേഖലയിൽ നൈപുണ്യം നേടുന്നതിനായി അക്കാദമിക, സാമ്പത്തിക സഹായമേകാൻ നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദാംശം നൽകുമോ; | (എ) | **അക്കാദമിക് വ്യവസായ സഹകരണത്തിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. വിദ്യാർത്ഥികൾക്ക് വിവിധ വ്യവസായ മേഖലകളിൽ പരിശീലനവും നൈപുണ്യവും സാധ്യമാക്കാൻ ഇതിലൂടെ കഴിയുന്നു.**<br><br>**ബി ടെക് ബിരുദത്തോടൊപ്പം മറ്റൊന്നിൽ മൈനർ ബിരുദം നേടാൻ വിദ്യാർത്ഥികൾക്ക് സാധ്യമാകുന്ന മൈനർ ഇൻ എഞ്ചിനീയറിംഗ് എന്ന നവീന ആശയം നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികൾക്ക് അവർ തിരഞ്ഞെടുത്ത സ്പെഷ്യലൈസേഷൻ പുറത്തുള്ള മറ്റൊരു എൻജിനീയറിംഗ് മേഖലയിൽ അറിവ് നേടാനും അതുവഴി തൊഴിൽ സാധ്യത മെച്ചപ്പെടുത്താനും ഉതകുന്ന തരത്തിലാണ് മൈനർ കോഴ്സുകൾ ക്രമീകരിച്ചിട്ടുള്ളത്. 2023-ൽ മൈനർ ഇൻ എൻജിനീയറിംഗ് ഡിഗ്രിയോട് കൂടി ആദ്യ ബാച്ച് വിദ്യാർത്ഥികൾ പുറത്തിറങ്ങും.**<br><br>**വ്യവസായ മേഖലകളിൽ ഇൻഡസ്ട്രി ഐച്ഛികവും നിർബന്ധിത ഇന്റേണഷിപ്പും പ്രബന്ധ പ്രസിദ്ധീകരണവും ഉൾപ്പെടുത്തി എംടെക് പാഠ്യപദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. ഇതോടൊപ്പം തൊഴിൽ സാദ്ധ്യതകൾ മെച്ചപ്പെടുത്തുന്നതിനായി വിദേശ ഭാഷ പഠനവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.**<br><br>**ഹാക്കത്തോണുകൾ, പ്രോജക്റ്റ് മത്സരങ്ങൾ എന്നിവ വഴി വ്യാവസായിക മേഖല നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരം നൽകാനും നൂതന ആശയങ്ങൾ അവതരിപ്പിക്കാനും വിദ്യാർത്ഥികൾക്ക് സാധിക്കുന്നു.** |

| | | | |
|---|---|---|---|
| | | | **പോളിടെക്നിക് കോളേജുകളിൽ വ്യവസായ അധിഷ്ഠിതമായ ഔട്ട്കം ബേസ്ഡ് ഡിപ്ലോമ കരിക്കുലം റിവിഷൻ 2021 ആവിഷ്കരിച്ചു. കൂടാതെ Minor Project, Major Project, Activity points അവതരിപ്പിച്ചതിലൂടെ വിദ്യാർഥികളുടെ വൈദഗ്ധ്യവികസനത്തിന് പ്രാധാന്യം നൽകി. പഠനത്തോടൊപ്പം വരുമാനം എന്ന ആശയത്തിന്റെ ഭാഗമായി "Earn while you Learn" പോലുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് Industry on Campus, PAT തുടങ്ങിയവ ചില ക്യാമ്പസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.**<br><br>**വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ട തൊഴിൽ മേഖലയിൽ നൈപുണ്യം നേടുന്നതിനായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള മുഖാന്തരം അനവധി നൂതന കോഴ്സുകൾ ലഭ്യമാക്കുന്നു. പ്രമുഖ വ്യവസായങ്ങളുടെ പങ്കാളിത്തത്തോട്ടു കൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ പഠിതാക്കളിൽ ഹയർ ഓർഡർ ഇൻഡസ്ട്രി റിലവന്റ് സ്കിൽസ് (Higher Order Industry Relevant Skills) നൽകി അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. അസാപ്പിന്റെ പ്ലേസ്മെന്റ് പോർട്ടലിലൂടെ നൈപുണ്യം സിദ്ധിച്ച വിദ്യാർത്ഥികൾക്ക് തൊഴിലും ലഭ്യമാക്കുന്നു. ഇത്തരം നൈപുണ്യ പദ്ധതികളിൽ പ്രവേശനം നേടാൻ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് കാനറാ ബാങ്കുമായി ചേർന്ന് കൊണ്ട് സ്കിൽ ലോൺ പദ്ധതി നടപ്പിലാക്കിട്ടുണ്ട് .** |
| (ബി) | എഞ്ചിനീയറിംഗ് കോഴ്സുകൾ കൂടുതൽ നൈപുണ്യവൽക്കരിക്കാനും വ്യവസായ ബന്ധിതമാക്കുവാനും കാലികമാക്കുന്നതിനും സർവ്വകലാശാലകളിൽ ബോർഡ് ഓഫ് സ്കിൽസ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | **ബോർഡ് ഓഫ് സ്കിൽസ് രൂപീകരണം സാങ്കേതിക സർവ്വകലാശാല സിന്റിക്കേറ്റിന്റെ പരിഗണനയിലാണ്.** |
| (സി) | ഇതിനായി എഞ്ചിനീയറിംഗ് വിഭാഗങ്ങൾക്ക് വിദേശ സർവ്വകലാശാലകളുമായി ട്വിന്നിംഗ് പ്രോഗ്രാമുകൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണിച്ചിരുന്നോ; വിശദമാക്കുമോ; | (സി) | **സാങ്കേതിക സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളും വിദേശ സർവ്വകലാശാലകളുമായുള്ള കൊളാബോറേഷൻ ആൻഡ് ട്വിന്നിംഗ് പ്രോഗ്രാമുകൾക്ക് സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സ് അന്തിമരൂപം നൽകിയിട്ടുണ്ട്.** |
| (ഡി) | കാമ്പസുകളിൽ വ്യവസായശാലകളുടെ യഥാർത്ഥ മാതൃക സൃഷ്ടിച്ച് അതിലൂടെ പ്രായോഗിക പരിശീലനത്തിന് അവസരമൊരുക്കുന്നതിനായി | (ഡി) | **കാമ്പസുകളിൽ വ്യവസായശാലകളുടെ യഥാർത്ഥ മാതൃക സൃഷ്ടിച്ച് അതിലൂടെ പ്രായോഗിക പരിശീലനത്തിന് അവസരമൊരുക്കുന്നതിനായി അവയെ സജ്ജമാക്കുന്നതിന് വിവിധ** |

| | | | |
|---|---|---|---|
| | അവയെ സജ്ജമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | | **സ്ഥാപനങ്ങളിൽ Industry on Campus പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഡിസൈൻ ചെയ്യുന്നതിനായി FAB LAB, പ്രൊഡക്ഷൻ സെന്ററുകൾ എന്നിവ സ്ഥാപനങ്ങളിൽ ഉണ്ട്. കൂടാതെ വിവിധ പോളിടെക്നിക് കോളേജുകളിൽ വിദ്യാർഥികളുടെ ഉപയോഗത്തിനായി Robotics Lab നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ TBI (Technology Business Incubation Centre) വഴി എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും, ചില പോളിടെക്നിക് കോളേജുകളിലും നവ സംരംഭകർക്കായിട്ടുള്ള സാങ്കേതിക സൗകര്യങ്ങളും സഹായങ്ങളും, നിർദ്ദേശങ്ങളും നല്കി വരുന്നുണ്ട്. കാമ്പസുകളിൽ വ്യവസായശാലകളുടെ യഥാർത്ഥ മാതൃക സൃഷ്ടിച്ച് അതിലൂടെ പ്രായോഗിക പരിശീലനത്തിന് അവസരമൊരുക്കുന്നതിനായി University Industry Joint Ventures രൂപീകരണത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ